# പതിനാലാം കേരള നിയമസഭ
# പത്തൊൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1322** — **06.03.2020 ൽ മറുപടിയ്ക്ക്**

## പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.സി. കെ. ശശീന്ദ്രൻ** | **ശ്രീ. വി.എസ്. സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |

എ) പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് കൃഷിഭവൻ മുഖേന ആവിഷ്കരിച്ച നടപ്പിലാക്കുന്ന പദ്ധതികളും പ്രോത്സാഹനങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

എ) അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന വിഷലിപ്തമായ പച്ചക്കറികൾ ഒഴിവാക്കി ജൈവ പച്ചക്കറികൾ ഓരോ വീട്ടിലും ഉല്പാദിപ്പിക്കുവാൻ വേണ്ട ബോധവൽക്കരണവും ഉല്പാദന ഉപാധികളുടെ ലഭ്യതയും ഉറപ്പാക്കാൻ സർക്കാർ സമഗ്ര പച്ചക്കറി വികസനം എന്ന പദ്ധതി കൃഷി ഭവൻ മുഖേന നടപ്പിലാക്കി വരുന്നു. ഈ പദ്ധതി വിജയകരമായി നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്തെ പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. പദ്ധതിയിലൂടെ കർഷകർക്ക് കൃഷിയ്ക്കാവശ്യമായ എല്ലാവിധ സഹായങ്ങളും നൽകിവരുന്നു.

സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ ഘടകങ്ങൾ താഴെ കൊടുക്കുന്നു.

1. ഓണത്തിന് ഒരു മുറം പച്ചക്കറി ഉൾപ്പെടെയുള്ള വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം.
2. മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും, മാലിന്യ സംസ്കരണവും.
3. സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി.
4. ജില്ലാ ക്ലസ്റ്റർ വികസനത്തിനുള്ള ധനസഹായം.
5. ഗ്രേഡഡ് ക്ലസ്റ്ററുകളുടെ വികസനത്തിനുള്ള ധനസഹായം.
6. ബ്ലോക്ക്തല ഫെഡറേറ്റഡ് സമിതികളുടെ രൂപീകരണവും ധനസഹായവും.
7. നഴ്സറികൾ സ്ഥാപിക്കൽ.
8. പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവല്കരണം, പ്രചരണം തുടങ്ങിയവ.
9. സൂക്ഷ്മ ജലസേചനവും, ജലസേചനം വഴിയുള്ള വളപ്രയോഗവും.
10. പച്ചക്കറി സംഭരണത്തിനുള്ള വൈദ്യുതി ആവശ്യമില്ലാത്ത ശീതീകരണ അറകളുടെ പ്രോത്സാഹനം.

11. കാര്യക്ഷമമായി പ്രവർത്തിക്കുന്ന എ ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള ധനസഹായം.
12. മഴമറ നിർമ്മാണം.

കൂടാതെ സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനത്തിൽ സ്വയം പര്യാപ്തമാക്കുക എന്ന ലക്ഷ്യത്തോടുകൂടി കൃഷി വകുപ്പ് 2020 ജനുവരി ഒന്നു മുതൽ 2021 ഏപ്രിൽ (വിഷു) വരെയുള്ള 470 ദിവസം നീണ്ടു നിൽക്കുന്ന "ജീവനി – നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" എന്ന പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുവാനും വർഷത്തിലുടനീളം സുരക്ഷിത പച്ചക്കറി ലഭ്യമാക്കുവാനും അതുവഴി ആഹാരത്തിലൂടെ ആരോഗ്യം എന്ന സംസ്കാരം ജനങ്ങളിൽ വളർത്തിയെടുക്കുവാനും ലക്ഷ്യമിടുന്നു. ഇതിനായി 21 ഇന പരിപാടി ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. ഇതിൽ 2019-20 വർഷം മൂന്നാവിളയ്ക്ക് ഊന്നൽ നൽകി നടപ്പിലാക്കി വരുന്ന വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം, കൃഷി പാഠശാല, ആരോഗ്യ വകുപ്പുമായി സംയോജിച്ച് ബോധവല്ക്കരണം, പോഷകത്തോട്ട നിർമ്മാണം, ഉല്പാദനോപാദികളുടെ ലഭ്യത, വിത്ത് കൈമാറ്റ കൂട്ടായ്മ, ജീവനി – പച്ചക്കറി ഗ്രാമം, ഹരിത ബ്ലോക്ക്, നഗരം നാമകരണം, 1000 മാർക്കറ്റുകളുടെ വിപുലീകരണം, വിദ്യാലയങ്ങൾ പൊതു/സ്വകാര്യ സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി, ഹരിത ഗ്രൂപ്പ് രൂപീകരണം എന്നിവ പദ്ധതി ഘടകങ്ങളാണ്.

| | | | |
|---|---|---|---|
| ബി) | ഇത്തരം പ്രവർത്തനങ്ങളുടെ ഭാഗമായി പച്ചക്കറി കൃഷി ഉൽപ്പാദനം വർദ്ധിപ്പിച്ചതായി വിലയിരുത്തിയിട്ടുണ്ടോ? | ബി) | 2016-17 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്ത് പച്ചക്കറി വിസ്തൃതി 52830 ഹെക്ടറും ഉല്പാദനം 7.25 ലക്ഷം മെട്രിക് ടണ്ണും ആയിരുന്നു. 2017-18 - ൽ സംസ്ഥാനത്ത് 69047 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും ഇതിൽ നിന്നും 10.01 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കാനും സാധിച്ചു. 2016-17 മായി താരതമ്യം ചെയ്യുമ്പോൾ 2017-18 ൽ 16217 ഹെക്ടർ സ്ഥലത്ത് അധികമായി പച്ചക്കറി കൃഷി ചെയ്തിട്ടുണ്ട്. ഇതിലൂടെ 2.76 ലക്ഷം മെട്രിക് ടൺ പച്ചക്കറി അധികമായി ഉത്പാദിപ്പിച്ചിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷം 82166.55 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്തതിൽ നിന്നും 12.12 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. 2017-18 വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 2018-19 ൽ 13120 ഹെക്ടർ സ്ഥലത്ത് അധികമായി പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനും ഉല്പാദനം 2.11 ലക്ഷം മെട്രിക് ടണ്ണായി ഉയർത്തുന്നതിനും സാധിച്ചിട്ടുണ്ട്. |

2019-20 വർഷത്തിൽ പച്ചക്കറി കൃഷി 96000 ഹെക്ടർ ആയി വർദ്ധിപ്പിക്കുന്നതിനും ഉല്പാദനം 15.08 ലക്ഷം മെട്രിക് ആയി ഉയർത്തുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

Manjari P

**സെക്ഷൻ ഓഫീസർ**